**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5441** **03-11-2021 - ൽ മറുപടിയ്ക്ക്**

**എറണാകുളം നോർത്ത് പോലീസ് സ്റ്റേഷനിൽ പീഡനക്കേസ് ഒതുക്കിത്തീർക്കാൻ ശ്രമിച്ചതിനെതിരെയുള്ള പരാതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ . സണ്ണി ജോസഫ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | എറണാകുളം നോർത്ത് പോലീസ് സ്റ്റേഷനിൽ പീഡനക്കേസ് ഒതുക്കിത്തീർക്കാൻ പോലീസ് മധ്യസ്ഥതയിൽ പത്തുലക്ഷം രൂപ പ്രതിയിൽ നിന്നും വാങ്ങി ഇരയ്ക്ക് നൽകാൻ ശ്രമിച്ചുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (എ) | പോലീസിന്റെ ഭാഗത്ത് വീഴ്ചയുണ്ടെന്ന ആരോപണം സംബന്ധിച്ച പത്രവാർത്തയുടെ അടിസ്ഥാനത്തിൽ ബഹു.ഹൈക്കോടതി സ്വമേധയാ കേസെടുക്കുകയുണ്ടായി. ഇതിന്മേലുള്ള ബഹു.കോടതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കൊച്ചി പോലീസ് കമ്മീഷണർ തുടർനടപടികൾ സ്വീകരിച്ചു വരുന്നു. പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് എറണാകുളം നോർത്ത് പോലീസ് രജിസ്റ്റർ ചെയ്ത 1115/21, 1149/21 എന്നീ ക്രൈം കേസുകളുടെ അന്വേഷണം ജില്ലാ ക്രൈം ബ്രാഞ്ച് അസിസ്റ്റന്റ് കമ്മീഷണർക്ക് കൈമാറിയിട്ടുണ്ട്. |
| (ബി) | കേസ് ഒതുക്കിത്തീർക്കാൻ അഞ്ചു മക്കൾക്ക് പോലീസ് അഞ്ച് ലക്ഷം രൂപ വിലയിട്ടതായി പറയപ്പെടുന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം നിലപാട് സ്വീകരിച്ചവർക്കെതിരെ എന്തെല്ലാം വകുപ്പുതല നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | പോലീസിന്റെ ഭാഗത്ത് വീഴ്ചയുണ്ടെന്ന ആരോപണം സംബന്ധിച്ച പത്രവാർത്തയുടെ അടിസ്ഥാനത്തിൽ ബഹു.ഹൈക്കോടതി സ്വമേധയാ കേസെടുക്കുകയുണ്ടായി. ഇതിന്മേലുള്ള ബഹു.കോടതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കൊച്ചി പോലീസ് കമ്മീഷണർ തുടർനടപടികൾ സ്വീകരിച്ചു വരുന്നു. പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് എറണാകുളം നോർത്ത് പോലീസ് രജിസ്റ്റർ ചെയ്ത 1115/21, 1149/21 എന്നീ ക്രൈം കേസുകളുടെ അന്വേഷണം ജില്ലാ ക്രൈം ബ്രാഞ്ച് അസിസ്റ്റന്റ് കമ്മീഷണർക്ക് കൈമാറിയിട്ടുണ്ട്. |
| (സി) | പ്രസ്തുത കേസ് അന്വേഷണം തുടർന്നും നോർത്ത് പോലീസ് സ്റ്റേഷനിലെ ഉദ്യോഗസ്ഥർക്ക് തന്നെയാണോ നല്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | പോലീസിന്റെ ഭാഗത്ത് വീഴ്ചയുണ്ടെന്ന ആരോപണം സംബന്ധിച്ച പത്രവാർത്തയുടെ അടിസ്ഥാനത്തിൽ ബഹു.ഹൈക്കോടതി സ്വമേധയാ കേസെടുക്കുകയുണ്ടായി. ഇതിന്മേലുള്ള ബഹു.കോടതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കൊച്ചി പോലീസ് കമ്മീഷണർ |

| | | | |
|---|---|---|---|
| | | | തുടർനടപടികൾ സ്വീകരിച്ചു വരുന്നു. പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് എറണാകുളം നോർത്ത് പോലീസ് രജിസ്റ്റർ ചെയ്ത 1115/21, 1149/21 എന്നീ ക്രൈം കേസുകളുടെ അന്വേഷണം ജില്ലാ ക്രൈം ബ്രാഞ്ച് അസിസ്റ്റന്റ് കമ്മീഷണർക്ക് കൈമാറിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ